പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത . 02.04.2013 ൽ മറുപടിക്ക്
ചോദ്യം നമ്പർ. 2898.

**<u>ഇന്റർമീഡിയറ്റ് ഗോഡൗണുകൾ</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ വി.പി. സജീന്ദ്രൻ:<br>,, എം. എ. വാഹിദ്:<br>,, വി.റ്റി. ബൽറാം:<br>,, അൻവർ സാദത്ത്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇന്റർമീഡിയറ്റ് ഗോഡൗണുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്; അഡീഷണൽ ഗോഡൗൺ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി റിപ്പോർട്ടു ചെയ്യുന്നതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. കോട്ടയം, ഇടുക്കി, ആലപ്പുഴ, കാസർഗോഡ്, തിരുവനന്തപുരം എന്നീ ജില്ലകളിൽ സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഭക്ഷ്യശേഖരണത്തിനും വിതരണത്തിനുമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) ഇതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | എന്തെല്ലാം കാര്യങ്ങൾ പദ്ധതി നടത്തിപ്പിനായി ചെയ്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ ; | (ഡി) | പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്. പദ്ധതി നടപ്പിൽ വരുത്തുന്നതിനനു യോജ്യമായ സ്ഥലം കണ്ടെത്തി അടിയന്തിരമായി റിപ്പോർട്ടുചെയ്യുവാൻ എല്ലാ ജില്ലാ കളക്ടർമാരോടും ജില്ലാ സപ്ലൈ ഓഫീസർമാരോടും ആവശ്യ പ്പെട്ടിട്ടുണ്ട്. |
| (ഇ) | എന്തെല്ലാം കേന്ദ്രസഹായമാണ് പദ്ധതിക്ക് ലഭിക്കുന്നത് ? | (ഇ) | പുതിയ ഗോഡൗൺ നിർമ്മാണത്തിന് കേന്ദ്രസർക്കാരിനോട് സഹായം അഭ്യർ ത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ